അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമാഹരിച്ച തുകയുടെ വിനിയോഗം

17 (*77) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമ നിർമ്മാണത്തിലൂടെ സമാഹരിച്ച ഫണ്ടിൽ എത്ര രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫണ്ടിൽ നിന്നും എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(സി) ഈ ഫണ്ടിൽനിന്നും തുക ചെലവഴിക്കുവാൻ വേണ്ടി എത്ര സ്കീമുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും അത് ഏതെല്ലാം എന്നും അതിനുവേണ്ടി എല്ലാംകൂടി എത്ര രൂപ ചെലവഴിക്കേണ്ടിവരുമെന്നും ഈ സ്കീമുകൾ എത്ര വർഷംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഫണ്ടിലേക്ക് ലഭിച്ചിട്ടുള്ള തുകയ്ക്ക് ഒരു ദിവസം എത്ര രൂപ പലിശയായി നൽകേണ്ടിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തുക സമാഹരിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം കൊണ്ടുവരുന്ന അവസരത്തിൽ ഈ തുക വിനിയോഗിക്കേണ്ടത് ഏതെല്ലാം സ്കീമുകൾക്ക് വേണ്ടിയാണെന്ന് തീരുമാനിച്ചിരുന്നുവോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം എന്ത്;

(ജി) അല്ലെങ്കിൽ ഫണ്ടിൽ ആവശ്യമായ തുക ലഭിച്ചിട്ടും അത് യഥാ സമയം ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(എച്ച്) ഈ ഫണ്ടിലെ തുക വകമാറി ചെലവഴിക്കുകയില്ലെന്ന് ഗവൺമെന്റ് ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിരുന്നുവോ;

(ഐ) ഈ ഫണ്ടിലെ തുക ട്രഷറിയിലാണോ നിക്ഷേപിച്ചിട്ടുള്ളത്;

(ജെ) ഈ തുക വകമാറി ചെലവഴിച്ചു എന്ന ആക്ഷേപം ശരിയാണോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 507.06 കോടി രൂപ

(ബി) പലിശയിനത്തിൽ ഇതുവരെ 37,95,88,257/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സ്കീമുകൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല.

(ഡി) 18,40,697/- രൂപ

(ഇ) തീരുമാനിച്ചിരുന്നു. (ജലസേചനം, റോഡ്, വൈദ്യുതി, കുടിവെള്ളം, ഉൾനാടൻ ജലഗതാഗതം, തുറമുഖം, ചവർ സംസ്ക്കരണം, ഡ്രെയിനേജ് എന്നീ മേഖലകൾക്കായി)

(എഫ്) മറുപടി ഉദിക്കുന്നില്ല.

(ജി) ഫണ്ട് അംഗീകാരം നൽകി നടപ്പാക്കുന്ന പദ്ധതികൾ അൽപം താമസിച്ചാൽ പോലും സംസ്ഥാനത്തിന് ഗുണകരമാകുന്നതിനോടൊപ്പം ഫണ്ട് ലാഭകരമായി പ്രവർത്തിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് സ്കീമുകൾക്ക് അംഗീകാരം നല്കുവാൻ തയ്യാറെടുക്കുന്നത്.

(എച്ച്) ഇല്ല. എന്നാൽ ഫണ്ടിലെ തുക വകമാറി ചെലവഴിച്ചിട്ടുണ്ടോ എന്നകാര്യത്തിൽ ഹൈക്കോടതിയിൽ മറുപടി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) അതെ.

(ജെ) അല്ല.

കേരള ഫോറസ്ട്രി പ്രോജക്ട്

18 (*78) ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്ററി പ്രോജക്ട്-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഫോറസ്റ്ററി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കാടുകളുടെ ജൈവസ്വഭാവം നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശോഷിതവനങ്ങളുടെ ഉദ്ധാരണത്തിന്റെ പേരിൽ നിബിഡ വനങ്ങളിലെ അടിക്കാടുകളും ചെറുമരങ്ങളും ഔഷധചെടികളും വെട്ടിനശിപ്പിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള കാടുകളുടെ ജൈവസ്വഭാവം നിലനിർത്തിക്കൊണ്ട് കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകുമോ;

(ഇ) ഫോറസ്റ്ററി പദ്ധതിയുടെ കാര്യമായ നടത്തിപ്പിനുവേണ്ടി പരിസ്ഥിതി പ്രവർത്തകരും വനശാസ്ത്രജ്ഞന്മാരും ഉൾക്കൊള്ളുന്ന വിദഗ്ധസമിതി രൂപീകരിക്കുമോ;

(എഫ്) വനങ്ങളിൽനിന്നും കൂടുതൽ ആദായം ലഭിക്കുന്നതിന് സഹായകമായ രീതിയിൽ നിലവിലുള്ള ഫോറസ്റ്ററി പ്രോജക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) കേരള ഫോറസ്ട്രി പദ്ധതിയിലെ മുഖ്യധാര പ്രവർത്തനങ്ങളെല്ലാംതന്നെ വനം വകുപ്പിൽ കാലാകാലങ്ങളായി നിലവിലുള്ള ഡിപ്പാർട്ടുമെന്റ് നടപടി ക്രമങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് നടപ്പിലാക്കിവരുന്നത്. പദ്ധതിയിലാവിഷ്കരിച്ചിരിക്കുന്ന നൂതന പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പരിശീലനങ്ങൾ, ശിൽപ്പശാലകൾ, പഠനയാത്രകൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.

(ബി) ഇല്ല

(സി) ശോഷിത വനങ്ങളിൽ മരംവച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുമരങ്ങളും ഔഷധചെടികളും നിലനിർത്തിക്കൊണ്ടുതന്നെ അവയ്ക്കു ദോഷമായി വരുന്ന കളകൾ മാത്രമാണ് നീക്കം ചെയ്യാറുള്ളത്.

(ഡി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ നിലവിലുള്ള വനങ്ങളുടെ ജൈവസ്വഭാവം നില

LIBRARY ARCHIVES Kerala Legislative Assembly